**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428** **02-08-2021 - ൽ മറുപടിയ്ക്ക്**

**എടത്തുരുത്തിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി എടത്തുരുത്തിക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | എടത്തുരുത്തി (പെരുംതുരുത്തി) കടവ് പാലം നിർമ്മാണത്തിന് 28/01/2020 ലെ G.O(Rt) No. 105/2020/PWD പ്രകാരം 1370 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ; | (ബി) | 40 ലക്ഷം രൂപ |
| (സി) | പ്രസ്തുത പണി പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | നിലവിൽ സമീപന റോഡുകൾക്ക് സ്ഥലം ലഭ്യമല്ല. സ്ഥലം ലഭ്യമല്ലാത്തതിനെ തുടർന്ന് തിരൂരങ്ങാടി, വള്ളിക്കുന്ന് എന്നീ സ്ഥലങ്ങളിലെ എം.എൽ.എ.മാരുടെ ആവശ്യപ്രകാരം പാലത്തിന്റെ വീതി കുറച്ച് റിവൈസ്ഡ് ഡിസൈൻ തയ്യാറാക്കിയിരുന്നു. എന്നാൽ തുടർന്നും സ്ഥലം വിട്ട് നൽകുന്നതിന് സ്ഥലം ഉടമകൾ തയ്യാറാകാത്തതിനെ തുടർന്ന് എം.എൽ.എ.യുടെ നേതൃത്വത്തിലും, മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിലും ചർച്ചകൾ നടന്ന് വരുന്നു. സ്ഥലം ലഭ്യമായാൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ